SIUC Nadar	-	495 റാങ്കുവരെ
Hindu Nadar	-	503 "
OX	-	1419 "
LP/By Transfer	-	10 "
PH Blind	-	4 "
PH Deaf	-	3 "
PH Ortho	-	4 "

(ഡി) 1 (ഒന്ന്).

സർവ്വീസിൽനിന്ന് വിരമിച്ചവർ

53 (1757) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ വകുപ്പുകളിൽ നിന്ന് വിരമിച്ച ഉദ്യോഗസ്ഥരുടെ എണ്ണം വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011 മേയ് 8 മുതൽ 2015 മേയ് 31 വരെ 71603 ജീവനക്കാർ വിരമിച്ചിട്ടുണ്ട്. സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽനിന്നും 471 ഉദ്യോഗസ്ഥർ വിരമിക്കുകയുണ്ടായി. മറ്റു വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

100% അന്ധതയുള്ളവരെ റാങ്ക് ലിസ്റ്റിൽനിന്നും ഒഴിവാക്കിയ നടപടി

54 (1758) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. നടത്തിയ എൽ.ഡി. ക്ലാർക്ക് പ്രവേശന പരീക്ഷയിൽ (കാറ്റഗറി നമ്പർ 218/13) 100% അന്ധതയുള്ളവർ ഷോർട്ട് ലിസ്റ്റിൽ വരികയും ഇന്റർവ്യൂവിന് പങ്കെടുക്കുകയും ചെയ്തെങ്കിലും റാങ്ക് ലിസ്റ്റ് വന്നപ്പോൾ ഉദ്യോഗാർത്ഥികളുടെ പേര് ഉൾപ്പെടുത്താത്തതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ബി) വിജ്ഞാപനത്തിലും പരീക്ഷയ്ക്ക് അപേക്ഷിക്കുമ്പോഴും ഇന്റർവ്യൂ സമയത്തും അറിയിക്കാതെ പെട്ടെന്നൊരു തീരുമാനം എടുക്കുന്നതിനുണ്ടായ സാഹചര്യം എന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കണ്ണൂർ ജില്ലയിൽ എത്ര ഉദ്യോഗാർത്ഥികളെ ഇത്തപ്രകാരം റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്താത്തതായിട്ടുണ്ട്; വിശദാംശം നൽകുമോ ;

(ഡി) പല ഉദ്യോഗാർത്ഥികൾക്കും അപേക്ഷിക്കാനുള്ള പ്രായപരിധി കഴിഞ്ഞതിനാൽ ഇക്കാര്യത്തിൽ മാനുഷികവും അനുകൂലവുമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) എൽ.ഡി. ക്ലാർക്ക് തസ്തികയുടെ സാധ്യതാ പട്ടികയിൽ മുഖ്യപട്ടിക/ ഉപപട്ടിക എന്നിവയിൽ ഭിന്നശേഷി വിഭാഗം നൂറ് ശതമാനം അന്ധതയുള്ള ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിരുന്നു. എന്നാൽ 3-1-2013-ലെ G.O(P) No.1/13/SJD പ്രകാരം എൽ.ഡി. ക്ലാർക്ക് തസ്തികയുടെ 3% ഭിന്നശേഷിയുള്ളവർക്കായുള്ള സംവരണത്തിന് പ്രസ്തുത വിഭാഗം ഉൾപ്പെട്ടിട്ടില്ല. ഈ സാഹചര്യത്തിലാണ് അവരെ ലിസ്റ്റിൽനിന്നും ഒഴിവാക്കിയത്.

(സി) രണ്ട്.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

1-4-2014 മുതൽ 31-5-2015 വരെ സർവീസിൽ നിന്നും വിരമിച്ചവരും നിയമിക്കപ്പെട്ടവരും

55 (1759) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-4-2014 മുതൽ 31-5-2015 വരെയുള്ള കാലയളവിൽ സർക്കാർ സർവ്വീസിൽ നിന്നും എത്ര പേർ വിരമിച്ചു ; ഓരോ വകുപ്പിൽ നിന്നും വിരമിച്ചവരുടെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) 1-4-2014 മുതൽ 31-5-2015 വരെ എത്ര ആളുകളെ പി.എസ്.സി. വഴി നിയമിക്കുകയുണ്ടായി ; വിശദാംശം വകുപ്പ് തിരിച്ച് നൽകാമോ?

ഉത്തരം

(എ) 1-4-2014 മുതൽ 31-5-2015 വരെയുള്ള കാലയളവിൽ സെക്രട്ടേറിയറ്റിലെ പൊതുഭരണവകുപ്പിൽനിന്നും 181 പേർ സർക്കാർ സർവ്വീസിൽനിന്നും വിരമിക്കുകയുണ്ടായി. മറ്റു വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) 1-4-2014 മുതൽ 1-5-2015 വരെയുള്ള കാലയളവിൽ സെക്രട്ടേറിയറ്റിലെ പൊതുഭരണവകുപ്പിൽനിന്നും 186 പേരെ പി.എസ്.സി. വഴി നിയമിക്കുകയുണ്ടായി. മറ്റു വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly